ഈ കാലതാമസം ഒഴിവാക്കാൻ പ്രസ്തുത ഏജൻസികൾ കൈക്കൊണ്ടിട്ടുള്ള മാർഗ്ഗങ്ങൾ മാതൃകയായി സ്വീകരിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ കോർപ്പറേഷനുകളിലെ സമാന തസ്തികകൾക്ക് വ്യത്യസ്ത ശമ്പള സ്കെയിലുകൾ നിലവിലുള്ളതിനാൽ ഈ ശമ്പളസ്കെയിലുകൾ ഏകീകരിച്ചതിനുശേഷം മാത്രമേ സമാന തസ്തികകൾക്ക് പൊതുവായ പരീക്ഷ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാൻ സാധിക്കൂ. ശമ്പളസ്കെയിലുകൾ ഏകീകരിക്കുന്ന കാര്യം പ്ലാനിംഗ് (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) വകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി)&(സി) കേരളാ പി.എസ്.സി. വഴി തെരഞ്ഞെടുപ്പു നടത്തുന്ന തസ്തികകളുടെ എണ്ണം യു.പി.എസ്.സി.യെ അപേക്ഷിച്ച് വളരെ കൂടുതലാണ്. കെ.പി.എസ്.സി. ഒരു വർഷം 400 ഓളം പരീക്ഷകൾ നടത്തുമ്പോൾ യു.പി. എസ്.സി. 20-ൽ താഴെ പരീക്ഷകൾ മാത്രമാണ് നടത്തുന്നത്. പി.എസ്.സി. പരീക്ഷകളിലെ കാലതാമസം ഒഴിവാക്കാനായി താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. അധിക സ്റ്റാഫിനെ അനുവദിച്ചു.
2. ഭാഗിക കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി.
3. മൂന്നു മേഖലാ കേന്ദ്രങ്ങൾ ആരംഭിച്ച് ജോലി പുനർവിന്യസിച്ചു.

45 (45) സഹകരണ മേഖലയിലെ നിയമനങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലാ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇത് എപ്പോൾ മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 15 അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെയും 14 ജില്ലാ സഹകരണ ബാങ്കുകളിലേയും നിയമനങ്ങൾ മാത്രം പി. എസ്.സി. വഴി നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ടി നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത് 25.4.1995 മുതലാണ്. പി.എസ്.സി. വഴിയുള്ള നിയമനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

46 (46) ബി.ഡി.ഒ. പരീക്ഷാഫലം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly